"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ശ്രീ സിബി സി.എ., ശ്രീ ബിജോയ് ബേബി എന്നിവർ ഫയൽ ചെയ്ത 39566/2025 നമ്പർ റിട്ട് ഹർജിയിൽ ബഹു. കേരള ഹൈക്കോടതിയുടെ 24.10.2025 ലെ വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4461/2026/GEDN തീയതി,തിരുവനന്തപുരം, 03-07-2026

---

പരാമർശം:-

1. ശ്രീ സിബി സി.എ., ശ്രീ ബിജോയ് ബേബി എന്നിവരുടെ 09.10.2025 തീയതിയിലെ റിവിഷൻ ഹർജി (Ext. P15).
2. 39566/2025 നമ്പർ റിട്ട് പെറ്റീഷനിൽ ബഹു. ഹൈക്കോടതി 24/10/2025ൽ പുറപ്പെടുവിച്ച വിധിന്യായം.
3. എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 10.11.2025 ലെ ഡിഡിഇ ഇകെഎം/4738/2025/ഒഎ3 നമ്പർ റിപ്പോർട്ട്.
4. ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 11.11.2025 ലെ ഡിഇഒഎൽവി/871/2025-ബി5 നമ്പർ റിപ്പോർട്ട്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 13.11.2025 ലെ ഇസി4/22812/2025/ഡിജിഇ നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

മലയാറ്റൂർ സെന്റ് തോമസ് എച്ച്.എസ്.എസ്. ലെ ഓഫീസ് അറ്റൻഡന്റ് ശ്രീ സിബി സി.എ., എഫ്.റ്റി.എം. ശ്രീ ബിജോയ് ബേബി എന്നിവർ ഫയൽ ചെയ്ത 39566/2025 നമ്പർ റിട്ട് പെറ്റീഷനിൽ ബഹു. ഹൈക്കോടതി 24.10.2025 ൽ പുറപ്പെടുവിച്ച പരാമർശം (2) ലെ വിധിന്യായത്തിൽ, എക്സിബിറ്റ് പി15 റിവിഷൻ പെറ്റീഷൻ പരിശോധിച്ച്, ബന്ധപ്പെട്ടവരെ നേരിൽ കേട്ട് മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 14.11.2025 ൽ നേരിൽ കേട്ടു.

3. 01.06.2019 മുതൽ ശ്രീ സിബി സി.എ.യ്ക്ക് ഒ.എ ആയി ലഭിച്ച സ്ഥാനകയറ്റം, തത്ഫലമായി ഉണ്ടായ ഫുൾ ടൈം മീനിയൽ തസ്തികയിലെ ശ്രീ ബിജോയ് ബേബിയുടെ നിയമനം ഇവ റദ്ദ് ചെയ്ത ഉത്തരവുകളും, അനന്തരഫലമായി ഉണ്ടായ ശമ്പളം തിരിച്ച് പിടിക്കാനുള്ള ഉത്തരവുകളും പിൻവലിക്കണമെന്ന് പരാമർശം (1) പ്രകാരമുള്ള റിവിഷൻ ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

4. പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. ആലുവ ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള മലയാറ്റൂർ സെന്റ് തോമസ് ഹൈസ്കൂളിലെ ഓഫീസ്

അറ്റൻഡന്റ് ആയിരുന്ന ശ്രീ പോൾ ടി.ടി 31.05.2019 ൽ സേവനത്തിൽ നിന്നും വിരമിച്ച ഒഴിവിൽ ടി സ്കൂളിലെ എഫ്.ടി.എം. ആയിരുന്നതും അതോടൊപ്പം ചട്ടം 43 അവകാശിയുമായ ശ്രീ സിബി.സി.എ യെ ഓഫീസ് അറ്റൻഡന്റ് ആയി 01.06.2019 മുതൽ സ്ഥാനക്കയറ്റം നൽകി മാനേജർ നിയമിച്ചു. പ്രസ്തുത നിയമനം മാനേജർ നൽകിയ അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും അംഗീകരിച്ചു. എന്നാൽ പിന്നീട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഡിറ്റിൽ ശ്രീ സിബി.സി.എ യുടെ ഒ.എ തസ്തികയിലെ 01.06.2019 മുതലുള്ള നിയമനം മതിയായ യോഗ്യത ഇല്ലാത്തതിനാൽ പരിഗണിക്കുവാൻ സാധിക്കുകയില്ല എന്നും ആയതിനാൽ ടി നിയമനം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി. ശ്രീ സിബി സി.എ.യുടെ ഫുൾ ടൈം മിനിയൽ തസ്തികയിലെ 28.03.2003 മുതലുള്ള നിയമന വേളയിൽ ടിയാന്റെ വിദ്യാഭ്യാസ യോഗ്യത ക്ലാസ്സ് V ആയിരുന്നു. കേരളാ വിദ്യാഭ്യാസ നിയമം അധ്യായം XXIV ചട്ടം 2(1) പ്രകാരം ഫുൾ ടൈം മിനിയൽ തസ്തികയിലേക്കുള്ള യോഗ്യത Literate and Good physique എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിലാണ് ക്ലാസ്സ് V യോഗ്യതയുടെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ ടിയാന് നിയമന അംഗീകാരം നൽകിയിരുന്നത്. പിന്നീട് സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ പോൾ ടി.ടി 31.05.2019 ൽ വിരമിച്ച ഒഴിവിലേക്ക് ചട്ടം 43 അവകാശി എന്ന നിലയിൽ ശ്രീ സിബി സി.എ യെ 01.06.2019 മുതൽ സ്ഥാനക്കയറ്റം നൽകി നിയമിക്കുകയും ടി നിയമനം 43 അവകാശി എന്ന നിലയിലാണ് ജില്ലാ വിദ്യാഭ്യാസ ഓഫിസിൽ നിന്നും അംഗീകരിച്ച് നൽകുകയും ചെയ്തത്. സ.ഉ. (അച്ചടി) നം. 12/2016 പി&എആർഡി, തീയതി 04-06-2016 പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ യോഗ്യത ക്ലാസ് VII ആയി ഉയർത്തിയിരുന്നു. ശ്രീ സിബി സി.എ ഫുൾ ടൈം മീനിയൽ തസ്തികയിൽ സീനിയർ ഗ്രേഡ് വാങ്ങിയതിന് ശേഷമാണ് ഓഫീസ് അറ്റൻഡന്റ് ആയി നിയമനം നേടിയിരുന്നത്. അതിനാൽ ഫുൾ ടൈം മീനിയൽ തസ്തികയിൽ തുടർന്നിരുന്നുവെങ്കിൽ ടിയാന് ലഭിക്കുമായിരുന്ന വേതനം മാത്രമാണ് ഓഫീസ് അറ്റൻഡന്റ് തസ്തികയിലും നൽകിവരുന്നത് എന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. ടിയാൻ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് ഒ.എ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് ടിയാൻ ആർജിച്ച ക്ലാസ് V യോഗ്യത മതിയായിരുന്നു. ആയതിനാൽ തന്നെ ചട്ടം 43 അവകാശി എന്ന നിലയിലുള്ള ടിയാന്റെ അവകാശത്തെ പിന്നീട് ഇറങ്ങിയ ഉത്തരവ് ബാധിക്കുന്നില്ല എന്നതാണ് ജില്ലാ വിദ്യഭ്യാസ ഓഫീസർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഡിറ്റ് തടസ്സവാദത്തിനു നൽകിയ മറുപടി. അതോടൊപ്പം ശ്രീ സിബി സി.എ. യുടെ സ്ഥാനക്കയറ്റ ഒഴിവിൽ 01/06/2019 മുതൽ എഫ് ടി.എം ആയി നിയമിതനായ ശ്രീ ബിജോയ് ബേബി യുടെ നിയമനം ഒഴിവ് വ്യവസ്ഥാപിതമായിരുന്നതിനാൽ ഭിന്നശേഷി സംവരണത്തിന് വിധേയമായി താൽക്കാലികാടിസ്ഥാനത്തിൽ ദിവസ വേതന നിരക്കിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും അംഗീകരിച്ചു നൽകിയിരുന്നു. ടിയാൻ 01/06/2019 മുതൽ 31/12/2024 വരെ ശമ്പളം കൈപ്പറ്റുകയും ചെയ്തിട്ടുള്ളതാണ്. ടി നിയമനം അംഗീകരിച്ച് ഒരു വർഷത്തിന് ശേഷമാണ് ശ്രീ സിബി സി.എ യുടെ നിയമനം റദ്ദ് ചെയ്യുവാൻ ഉത്തരവായിട്ടുള്ളത്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീ സിബി സി.എ., ശ്രീ ബിജോയ് ബേബി എന്നിവരുടെ ശമ്പള വിതരണം നിർത്തിവയ്ക്കുന്നതിന് പ്രധാനാധ്യാപികയ്ക്ക് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിർദ്ദേശം നൽകിയിരുന്നു. അംഗീകരിക്കപ്പെട്ട നിയമനങ്ങൾ റദ്ദ് ചെയ്യുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ അനുമതി ആവശ്യമായതിനാൽ തുടർന്ന് ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുകയും മലയാറ്റൂർ സെന്റ് തോമസ് ഹൈസ്കൂളിലെ ഒ.എ ആയ ശ്രീ. സിബി സി എ യുടെയും എഫ്.ടി.എം ആയ ശ്രീ.

ബിജോയ് ബേബി യുടെയും നിയമനങ്ങൾ റദ്ദ് ചെയ്തതായും, ചട്ടം അവകാശികളുടെ 04/06/2016 ന് ശേഷമുള്ള നിയമനം സംബന്ധിച്ച് യോഗ്യതയിൽ ഇളവ് വരുത്തുന്നതിൽ അന്തിമ തീരുമാനം സർക്കാരിൽ നിക്ഷിപ്തമായ കാര്യമാണെന്ന് നിർദ്ദേശം നല്കുകയും, മേൽ നിയമനം അംഗീകരിച്ചത് വഴി സർക്കാരിനുണ്ടായ സാമ്പത്തിക ബാധ്യത ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കുവാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തിയും പൊതു വിദ്യാഭ്യാസ ഡയറക്ടർ 08/09/2025 തീയതിയിൽ ഇസി 4/11795/2025/ഡി.ജി.ഇ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇവർ കൈപ്പറ്റിയ സാമ്പത്തിക ആനുകൂല്യങ്ങൾ അവരിൽ നിന്നും ഈടാക്കി തിരിച്ചടക്കുന്നതിനു അടിയന്തിരമായി മാനേജർക്കും പ്രധാന അധ്യാപികക്കും നിർദേശം നൽകുകയും തെറ്റായി വാങ്ങിയ ശമ്പള ആനുകൂല്യങ്ങൾ തിരിച്ചടക്കുന്നതിൽ വീഴ്ച ഉണ്ടായാൽ ടി സംഖ്യ മാനേജരുടെയും പ്രധാന അധ്യാപികയുടെയും ബാധ്യത ആയി നിശ്ചയിക്കും എന്നും ജില്ലാ വിദ്യാഭ്യാസഓഫീസർ അറിയിപ്പ് നൽകിയിട്ടുണ്ട് എന്ന് റിപ്പോർട്ട് ചെയ്തിരിക്കുകയാണ്. ശ്രീ സിബി സി.എ. എഫ്.ടി.എം ആയി റെഗുലർ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നത് 28/03/2003 ലാണ്. അക്കാലയളവിൽ എഫ്.ടി.എം തസ്തികയിലേക്ക് ഏഴാം ക്ലാസ് മിനിമം യോഗ്യത നിഷ്കർച്ചിരുന്നില്ല. എന്നാൽ GO(MS) 21/2011/P&ARD തീയതി 01/07/2011 ഉത്തരവ് പ്രകാരം വിവിധ വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് സെർവന്റ്സിന്റെ മിനിമം യോഗ്യത ഏഴാം ക്ലാസ് ആയി പുനർ നിശ്ചയിച്ചിട്ടുണ്ട്. ശ്രീ സിബി സി.എ. യുടെ ഒ.എ ആയിട്ടുള്ള സ്ഥാനക്കയറ്റ നിയമനം 01/06/2019 മുതൽ മാത്രമാണ്. ആയതിനാൽ മേൽ ഉത്തരവ് ശ്രീ സിബി സി.എ. യുടെ ഒ.എ ആയുള്ള സ്ഥാനക്കയറ്റ നിയമനത്തിനു ബാധകമാണ്. കേരളാ വിദ്യാഭ്യാസ ചട്ടങ്ങളിൽ അധ്യാപകേതര ജീവനക്കാർക്ക് അധ്യാപക തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റത്തിനുള്ള വ്യവസ്ഥയുള്ളതിനാൽ, 04.06.2016 -ന് മുമ്പ് നിയമനം ലഭിച്ച ബിരുദ യോഗ്യതയുള്ളവർക്കും, ബിരുദ യോഗ്യതയില്ലാത്ത 04.06.2016 ന് ശേഷം നിയമനം ലഭിച്ചവരും എന്നാൽ നിയമനം നേടിയ ശേഷം ബിരുദ യോഗ്യത നേടിയവർക്കും സർക്കാർ ഇളവ് നൽകി കൊണ്ടാണ സർക്കാർ കത്ത് നമ്പർ J3/308/22 തീയതി 06-11-2024 ൽ വ്യക്തമാക്കിയിട്ടുള്ളത്. ഇവിടെ പരിശോധിക്കേണ്ട വിഷയം അധിക യോഗ്യത അല്ല മറിച്ച് ഓഫീസ് അറ്റെൻഡന്റ് തസ്തികയിൽ സ്ഥാനക്കയറ്റം നൽകുമ്പോൾ നിയമനാർത്ഥിക്ക് നിഷ്കർഷിച്ചിരുന്ന അടിസ്ഥാന യോഗ്യത സംബന്ധിച്ചാണ്. സ.ഉ. (P) 12/2016 പി&എ.ആർ.ഡി, തീയതി 04-06-2016 പ്രകാരം ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ യോഗ്യത ക്ലാസ് VII ആയി ഉയർത്തിയിരുന്നു. മേൽ സാഹചര്യത്തിൽ എറണാകുളം വിദ്യാഭ്യാസ ഉപഡയറക്ടർ ഉന്നയിച്ച തടസ്സവാദം ക്രമപ്രകാരമാണ് എന്നും ചട്ടം അവകാശികളുടെ 04.06.2016 ന് ശേഷമുള്ള നിയമനം സംബന്ധിച്ച് യോഗ്യതയിൽ ഇളവു വരുത്തുന്നതിൽ അന്തിമ തീരുമാനം സർക്കാരിൽ നിക്ഷിപ്തമായ കാര്യമാണ് എന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. തസ്തികയ്ക്കാവശ്യമായ നിർദിഷ്ട യോഗ്യതയുള്ളവരെ മാത്രമേ ചട്ടം 43 അവകാശിയായി കണക്കാക്കാനാവൂ. ശ്രീ സിബി സി.എ. യുടെ ഓഫീസ് അറ്റൻഡന്റ് ആയിട്ടുള്ള സ്ഥാനക്കയറ്റ നിയമനം 01/06/2019 ൽ ആയതിനാൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ യോഗ്യത ക്ലാസ് VII ആയി ഉയർത്തിയ 04/06/2016 ലെ സ.ഉ.(അച്ചടി) നം.12/2016/പി&എആർഡി ഉത്തരവ് ടിയാന്റെ സ്ഥാനക്കയറ്റ നിയമനത്തിനു ബാധകമാണ്. മേൽ സാഹചര്യത്തിൽ മലയാറ്റൂർ സെന്റ് തോമസ് ഹൈസ്കൂളിലെ ഓഫീസ്

അറ്റൻഡന്റ് ആയ ശ്രീ സിബി സി എ യുടെയും എഫ്.ടി.എം ആയ ശ്രീ ബിജോയ് ബേബി യുടെയും നിയമനങ്ങൾ റദ്ദ് ചെയ്ത പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ക്രമപ്രകാരമായതിനാൽ റിവിഷൻ ഹർജി നിരസിച്ച് അപ്രകാരം ശ്രീ സിബി സി.എ., ശ്രീ ബിജോയ് ബേബി എന്നിവർ ഫയൽ ചെയ്ത 39566/2025 നമ്പർ റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതി 24/10/2025ൽ പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു ആർ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി).
ശ്രീ സിബി സി.എ., ഓഫീസ് അറ്റൻഡന്റ്, സെന്റ് തോമസ് എച്ച്.എസ്.എസ്., മലയാറ്റൂർ പി.ഒ., എറണാകുളം - 683 587.
ശ്രീ ബിജോയ് ബേബി, എഫ്.റ്റി.എം., സെന്റ് തോമസ് എച്ച്.എസ്.എസ്., മലയാറ്റൂർ പി.ഒ., എറണാകുളം - 683 587.
മാനേജർ, സെന്റ് തോമസ് എച്ച്.എസ്.എസ്., മലയാറ്റൂർ പി.ഒ., എറണാകുളം.- 683 587.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, എറണാകുളം.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലുവ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി (S2/172/2025-G.EDN).

ഉത്തരവിൻ പ്രകാരം

Signed by
Resmi Babu
സെക്ഷൻ ഓഫീസർ
Date: 04-07-2026 11:14:13

പകർപ്പ്: പൊതുവിദ്യാഭ്യാസ സ്പെഷൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.